(ബി) കാട്ടാമ്പള്ളി ഡാമിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും തഹസിൽദാർ, സബ് ഇൻസ്പെക്ടർ, ഇറിഗേഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിശോധന നടത്താറുണ്ട്.

(സി) ജില്ലയിൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ അനുസരിച്ച് മണൽ വാരൽ തടയുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ജലനിധി രണ്ടാം ഘട്ട പദ്ധതി

60 (2158) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് ആകെ എത്ര കോടി രൂപ ചെലവിടേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ;

(ബി) ലോകബാങ്കിൽ നിന്നും ഈ സ്കീമിന് എന്തു തുക ലഭ്യമാക്കുമെന്നാണ് കരുതുന്നത് ;

(സി) ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് ആകെ 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) ലോകബാങ്കിൽ നിന്നും 700 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതുവരെ തുകയൊന്നും ലോകബാങ്കിൽ നിന്നും ലഭിച്ചിട്ടില്ല. ബാങ്കുമായി ചർച്ചകൾ നടന്നുവരികയാണ്. 2011 മുതൽ അഞ്ച് വർഷത്തേക്കാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

അരുവിക്കരയിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പൈപ്പ് ലൈൻ പൊട്ടുന്നത് തടയാൻ നടപടി

61 (2159) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരത്തിലും പ്രാന്തപ്രദേശങ്ങളിലും കുടിവെള്ളം നൽകുന്നതിനായി അരുവിക്കരയിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പൈപ്പ് ലൈൻ എത്ര

LIBRARY ARCHIVES Kerala Legislative Assembly